**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4824** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് ആശ്വാസ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് സമയബന്ധിതമായി ആശ്വാസനടപടികൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശ്രിതർക്ക് അനുഭവവേദ്യമാകേണ്ടുന്ന എല്ലാ ആശ്വാസ നടപടികളും സമയബന്ധിതമായി അനുവദിച്ചു നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. സേവനത്തിലായിരിക്കെ ഒരു ഉദ്യോഗസ്ഥൻ മരണപ്പെട്ടതായി വിവരം ലഭിച്ചാലുടനെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുകയും അടിയന്തിര സഹായങ്ങൾ എത്തിക്കുകയും ചെയ്യുന്നു. അതോടൊപ്പം പോലീസ് വെൽഫെയർ ഫണ്ടുകളിൽ നിന്നും അടിയന്തിര സാമ്പത്തിക സഹായവും കുടുംബത്തിനെത്തിക്കുന്നു. തുടർന്ന് മരണപ്പെട്ട ഉദ്യോഗസ്ഥന്റെ അനന്തരാവകാശ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ആനുകൂല്യങ്ങളും ബന്ധപ്പെട്ട കുടുംബാംഗങ്ങൾക്ക് നൽകി വരുന്നു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പോലീസ് മേധാവി പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

1205
NR 724 CR 600-28y.

നം. എ6 / 109749 /2011

പോലീസ് ആസ്ഥാനം, കേരളം

തിരുവനന്തപുരം, തീയതി. /2 / 12 /2011

## സർക്കുലർ നമ്പർ. 35 /2011

വിഷയം :- സർവ്വീസിലിരിക്കെ മരണപ്പെട്ട ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കേണ്ട ആനുകൂല്യം - സംബന്ധിച്ച്.

സംസ്ഥാന പോലീസ് വകുപ്പിൽ ജോലിയിലിരിക്കെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വളരെയധികം കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രതീക്ഷിതമായ മരണം തളർത്തുന്ന കുടുംബാംഗങ്ങൾക്ക് അവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ മൂലം യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിനു പോലും കഴിയാതെ വരുന്നുണ്ട്. സർവ്വീസിലിരിക്കെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കേണ്ടത് നമ്മുടെ ചുമതലയാണ്. ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ചു നൽകപ്പെടുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർവ്വീസിലിരിക്കുന്ന ഒരാൾ മരണപ്പെട്ടതായി വിവരം ലഭിച്ചാലുടനെ തന്നെ ആശ്രിത ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതായ ഓഫീസിൽ ഇതിനായി ഒരു ഫയൽ തുറക്കേണ്ടതാണ്. ഇതിനായി അപേക്ഷ ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ടതില്ല.

2. സർവ്വീസിലിരിക്കെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് സാധാരണയായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ താഴെപ്പറയുന്നു.

   a. ഫാമിലി പെൻഷനും, ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും
   b. ജനറൽ പ്രോവിഡന്റ് ഫണ്ട് തുക
   c. ലീവ് സറണ്ടർ ആനുകൂല്യം
   d. ഫാമിലി ബെനിഫിറ്റ് സ്കീം
   e. ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം
   f. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്
   g. KPWA- ഫണ്ടും, ലംപ്സംഗ്രാന്റും
   h. HBA/MCA – കട ബാദ്ധ്യത എഴുതിതള്ളൽ
   i. ആശ്രിത നിയമനം
   j. ഗ്രൂപ്പ് പേഴ്സണൽ അക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS).

3. ബന്ധപ്പെട്ട യൂണിറ്റ് മേധാവി ആ യൂണിറ്റിലെ ഒരു ഉദ്യോഗസ്ഥനെ (ഓരോ കുടുംബത്തിനും പ്രത്യേകമായി ഒരാൾ വീതം) ലെയ്സൺ ഓഫീസറായി നിയമിച്ച് ആശ്രിതർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ആ കുടുംബത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അയാളെ ചുമതലപ്പെടുത്തേണ്ടതാണ്.

4. ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും അപേക്ഷകൾ തയ്യാറാക്കുന്നതിനും ലെയ്സൺ ഓഫീസർ ബന്ധപ്പെട്ട കുടുംബാംഗങ്ങളായി നേരിട്ട് ബന്ധപ്പെട്ട് സഹായങ്ങൾ നൽകണം.

5. മരണം സംഭവിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ മേൽവിവരിച്ച തരത്തിൽ എല്ലാ

അപേക്ഷകളും തയ്യാറാക്കി യൂണിറ്റ് മേധാവിക്ക് സമർപ്പിച്ചിരിക്കണം. യൂണിറ്റ് മേധാവികൾ സമയബന്ധിതമായി അപേക്ഷകൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. സർട്ടിഫിക്കറ്റുകളും മറ്റും യഥാസമയം ലഭിക്കുന്നതിന് താമസം വരുകയാണെങ്കിൽ ലെയ്സൺ ഓഫീസർ തന്നെ ഇത് യൂണിറ്റ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

7. മരണം സംഭവിച്ച് മൂന്നുമാസത്തിനുള്ളിൽ തന്നെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചു നൽകേണ്ടതും അതിന് കഴിഞ്ഞില്ലെങ്കിൽ വിവരം സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

8. പോലീസ് ആസ്ഥാനത്തും മറ്റ് യൂണിറ്റുകളിലും വിവിധ സെക്ഷനുകളിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ നടന്നു വരുന്നത്. അതുകൊണ്ട്തന്നെ അവയുടെ ഏകോപനം ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതും ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

9. ഓരോ യൂണിറ്റിലും എസ്.പി/ഡിവൈ.എസ്.പി/എ.എ/മാനേജർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ആശ്രിത ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രത്യേക ചുമതല ഏൽപ്പിക്കേണ്ടതും യൂണിറ്റ് മേധാവി ഓരോ മാസവും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

10. സംസ്ഥാന പോലീസ് മേധാവി മൂന്ന് മാസത്തിലൊരിക്കൽ ആശ്രിത ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് പരിശോധിക്കുന്നതായിരിക്കും. പോലീസ് ആസ്ഥാനത്ത് AAIG ഇതിന്റെ പ്രത്യേക ചുമതല നിർവ്വഹിക്കുന്നതാണ്. ഓരോ യൂണിറ്റിലെയും പുരോഗതി വിലയിരുത്തി സംസ്ഥാന പോലീസ് മേധാവിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത് AAIG യുടെ ചുമതലയായിരിക്കും.

ജേക്കബ് പുന്നൂസ് IPS
സംസ്ഥാന പോലീസ് മേധാവി
കേരളം

ലിസ്റ്റ് ബി യിലെ എല്ലാ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.
പോലീസ് ആസ്ഥാനത്തെ ഓഫീസർമാർക്ക് / ഇൻഫർമേഷൻ സെന്റർ, പോലീസ് ആസ്ഥാനം / സ്റ്റോക്ക് ഫയൽ / സർക്കുലർ ബുക്ക്.

To:- IGP, SCRB - for website

T.A. 1258/21/12/11